മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


# വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 11**

---

## ഗവേഷണ പ്രോജക്ടിൽ നിയമനത്തിന് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റൂസ പദ്ധതിപ്രകാരമുള്ള ഗവേഷണ പ്രോജക്ടിൽ റിസർച്ച് അസിസ്റ്റന്റ്, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ,കമ്പ്യൂട്ടർ ഡാറ്റ അനലിസ്റ്റ് തസ്തികകളിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് പ്രോജക്ടുകളുടെ ദൈർഘ്യം.

ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ മൂന്നും മറ്റു തസ്തികകളിൽ ഒന്നുവീതവും ഒഴിവുകളാണുള്ളത്.

വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/966/2023)

## ശില്പശാല നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അന്തർ സർവകലാശാല ഭിന്നശേഷി പഠന കേന്ദ്രത്തിലെ എം.എസ്.ഡബ്ല്യു വിദ്യർഥികൾക്കായി ട്രാൻസ്ജെൻറേഴ്സിൻറെ സാമൂഹിക പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്ന വിഷയത്തിൽ ശില്പശാല നടത്തി.

കൺവെർജൻസ് അക്കാദമിയ കോംപ്ലക്സിലെ ഐ.യു.സി.ഡി.എസ് സെമിനാർ ഹാളിൽ നടന്ന പരിപാടിയിൽ വകുപ്പ് മേധാവ പ്രൊഫ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു. ഡോ. വി.സി. ഷെനു, ഡോ. കെ.കെ. ഷിജു, ഡോ. ബോബൻ ജോസഫ്, ഡോ. റെനോ മാത്യു ജോൺസൺ, ബ്രൈറ്റ് സിജു തുടങ്ങിയവർ പങ്കെടുത്തു.

ട്രാൻസ് ജെൻഡർ പ്രതിനിധികളായ പാർവതി പി. കുട്ടനും അർച്ചന രാജും അനുഭവങ്ങൾ പങ്കു വച്ചു. കെ. സോജ ബേബി ക്ലാസ് നയിച്ചു.

(പി.ആർ.ഒ/39/967/2023)

## സുരക്ഷാ ജീവനക്കാർ; താൽക്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സുരക്ഷാ ജീവനക്കാരുടെ ആറ് ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. അപേക്ഷകൾ ഓഗസ്റ്റ് 25 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(https://www.mgu.ac.in/).

(പി.ആർ.ഒ/39/968/2023)

## എം.ജി പി.ജി; സ്പോട്ട് അഡ്മിഷൻ

ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻറ് എക്സ്റ്റൻഷൻ നടത്തുന്ന എം.എ കൗൺസലിംഗ് പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് 16ന് രാവിലെ 11ന് വകുപ്പിൽ നേരിട്ട് എത്തണം. ഫോൺ: 08301000560

......................................

സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിൽ എം.ടെക് നോനോ സയൻസ് ആൻറ് നാനോ ടെക്നോളജി (ജനറൽ മെറിറ്റ്-7), എം.എസ്.സി കെമിസ്ട്രി (എസ്.സി-2,എസ്.ടി-1), എം.എസ്.സി ഫിസിക്സ് (ജനറൽ മെറിറ്റ്-1,എസ്.സി-2,എസ്.ടി-1), എം.എസ്.സി ഫിസിക്സ്(കണ്ണൂർ സർവകലാശാലയുമായുള്ള ജോയിൻറ് പ്രോഗ്രാം - ജനറൽ മെറിറ്റ്-4) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഓഗസ്റ്റ് 14ന് ഉച്ചയ്ക്ക് 12ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 9446866088

......................

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എം.ടെക് എനർജി സയൻസ് ആൻറ് ടെക്നോളജി (ജനറൽ മെറിറ്റ്-6), എം.എസ്.സി മെറ്റീരിയൽ സയൻസ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് - ജനറൽ മെറിറ്റ്-2,എസ്.സി-1),എസ്.ടി-1), എം.എസ്.സി ഫിസിക്സ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് - എസ്.സി-1,എസ്.ടി-1), എം.എസ്.സി കെമിസ്ട്രി(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് - എസ്.സി-1),എസ്.ടി-1) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഓഗസ്റ്റ് 16ന് ഉച്ചയ്ക്ക് 12ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 7736997254

(പി.ആർ.ഒ/39/969/2023)

## പരീക്ഷകൾ മാറ്റിവച്ചു

തൃപ്പൂണിത്തുറ, ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ ഓഗസ്റ്റ് 14ന് മുതൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എ - ജൂലൈ 2023(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ സെപ്റ്റംബർ അഞ്ചിന് ആരംഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു.

(പി.ആർ.ഒ/39/970/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ ബാച്ചലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം), (2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ ്കീം) പരീക്ഷകൾ സെപ്റ്റംബർ ഏഴിന് തുടങ്ങും.

ഓഗസ്റ്റ് 16 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. പിഴയോടു കൂടി ഓഗസ്റ്റ് 17നും സൂപ്പർ ഫൈനോടു കൂടി ഓഗസ്റ്റ് 18നും അപേക്ഷ സ്വീകരിക്കും. ടൈംടേബിൾ, ഫീസ് വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

....................

ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ, ബി.കോം, ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് ഓഗസ്റ്റ് 21 വരെ അപേക്ഷിക്കാം. പിഴയോടു കൂടി ഓഗസ്റ്റ് 22നും സൂപ്പർ ഫൈനോടു കൂടി ഓഗസ്റ്റ് 23നും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ് സൈറ്റിൽ.

......................

നാലാം സെമസ്റ്റർ എം.എ സിറിയക്(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് ഓഗസ്റ്റ് 21 മുതൽ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടു ഓഗസ്റ്റ് 24നും സൂപ്പർ ഫൈനോടു കൂടി ഓഗസ്റ്റ് 25നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.

.....................

നാലാം സെമസ്റ്റർ എം.എൽഐബി.ഐ.എസ്സി(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾ സെപ്റ്റംബർ 12ന് ആരംഭിക്കും. ഓഗസ്റ്റ് 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി ഓഗസ്റ്റ് 23നും സൂപ്പർ ഫൈനോടു കൂടി ഓഗസ്റ്റ് 24നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/971/2023)

## പരീക്ഷാ ടൈംടേബിൾ

രണ്ടാം സെമസ്റ്റർ ബി.വോക്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയോടൊപ്പം ഫണ്ടമെൻറൽസ് ഓഫ് ഇലക്ട്രോ കെമിസ്ട്രി എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ഓഗസ്റ്റ് 18ന് നടക്കും.

..................

ഏഴാം സെമസ്റ്റർ ബി.ടെക്(പുതിയ സ്കീം - 2010 മുതലുള്ള അഡ്മിഷൻ സപ്ലിമെൻററിയും മെഴ്സി ചാൻസും) പരീക്ഷയോടൊപ്പം എയ്റോനോട്ടിക്കൽ എൻജിനീയറിംഗ് ബ്രാഞ്ചിൻറെ എക്സ്പിരിമെൻറൽ സ്ട്രെസ്സ് അനാലിസിസ് എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ഓഗസ്റ്റ് 21ന് നടക്കും. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/972/2023)

## പരീക്ഷാതീയതി

പ്രൈവറ്റ് രജിസ്ട്രേഷൻ അഞ്ചാം സെമസ്റ്റർ ബി.എ, ബി.കോം(2020 അഡ്മിഷൻ സ്പെഷ്യൽ സപ്ലിമെൻററി) പരീക്ഷകൾ സെപ്റ്റംബർ എട്ടിന് ആരംഭിക്കും. റഗുലർ പഠനത്തിൽ നിന്നും പ്രൈവറ്റിലേക്ക് മാറിയ 2020 അഡ്മിഷൻകാരോടൊപ്പം ആറാം സെമസ്റ്റർ പരീക്ഷ എഴുതിയവർക്ക് അഞ്ചാം സെമസ്റ്റർ പരീക്ഷ സ്പെഷ്യൽ സപ്ലിമെൻററി പരീക്ഷയായി ഇതോടൊപ്പം എഴുതാം. ടൈം ടേബിളും വിശദ വിവരങ്ങളും സർവകലാശാല വെബ് സൈറ്റിൽ.

............................

പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ, എം.എസ്.സി, എം.കോം - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ എട്ടിനും നാലാം സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ നാലിനും ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/973/2023)

## ഡിസെർട്ടേഷൻ, കോംപ്രഹെൻസീവ് വൈവ

നാലാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഡിസെർട്ടേഷൻ, കോംപ്രഹെൻസീവ് വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 11 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/974/2023)

## പ്രാക്ടിക്കൽ/വൈവ

നാലാം സെമസ്റ്റർ എം.എസ്.സി ബയോനാനോടെക്നോളജി - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 11,12 തീയതികളിൽ അതത് കോളജുകളിൽ നടക്കും.

...................

രണ്ടാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്യൂണിക്കേഷൻ ആൻറ് ജേർണലിസം(ട്രിപ്പിൾ മെയിൻ-മോഡൽ 3) മെയ് 2023(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, സി.ബി.സി.എസ് - 2021 അഡ്മിഷൻ ഇംപ്രൂവ് മെൻറ്, 2017-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 17 മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

....................

രണ്ടാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിംഗ് ടെക്നോളജി - ജൂലൈ 2023(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2021 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 23 മുതൽ പാലാ, സെൻറ് തോമസ് കോളജിൽ നടക്കും.

.....................

നാലാം സെമസ്റ്റർ ബി.എസ്.സി സുവോളജി മോഡൽ 1,2,3 (കോർ, കോംപ്ലിമെൻററി, വൊക്കേഷണൽ കോഴ്സ്) - മെയ് 2023 (സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 16 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/975/2023)

## കോവിഡ് സ്പെഷ്യൽ പരീക്ഷാഫലം

എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്, എം.എസ്.സി ഇലക്ട്രോണിക്സ്, എം.എസ്.സി സൈബർ ഫോറൻസിക്സ്, എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡേറ്റാ സയൻസ് പ്രോഗ്രാമുകളുടെ കോവിഡ് സ്പെഷ്യൽ പരീക്ഷയായി എഴുതിയ രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് 2020 അഡ്മിഷൻ - നവംബർ 2022 പരീക്ഷയിലെ വിവിധ കോഴ്സുകളുടെ പരീക്ഷാഫലം ഈ പ്രോഗ്രാമുകളുടെ 2022 ജനുവരിയിലെ റഗുലർ പരീക്ഷയിൽ പുനഃക്രമീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഫീസ് അടച്ച് ഓഗസ്റ്റ് 24 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ

(പി.ആർ.ഒ/39/976/2023)

## പരീക്ഷാ ഫലം

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി എൻവയോൺമെൻറൽ

സയൻസ് ആൻറ് മാനേജ് മെൻറ്, എം.എസ്.സി ബയോകെമിസ്ട്രി(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി), എം.എസ്.സി ഹോം സയൻസ് ബ്രാഞ്ച് 10(എ) ചൈൽഡ് ഡെവലപ്മെൻറ്, ബ്രാഞ്ച് 10(ഡി) ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ്(2022 അഡ്മിഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..................................

മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ ഡെവലപ്മെൻറ് ഇക്കണോമിക്സ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി), എം.എ ഹിസ്റ്റോറിക്കൽ സ്റ്റഡീസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..................................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോഇൻഫോർമാറ്റിക്സ്, എം.എസ്.സി ഫിഷറി ബയോളജി ആൻറ് അക്വാകൾച്ചർ (പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഓഗസ്റ്റ് 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

................................

ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ചിലർ ഡിഗ്രി ഇൻ ഹോട്ടൽ മാനേജ്മെൻറ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം), ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(20152019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ഫീസ് അടച്ച് ഓഗസ്റ്റ് 26 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

..................

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് കഴിഞ്ഞ ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ദ്വിവത്സര എൽ.എൽ.എം(കോൺസ്റ്റിറ്റ്യൂഷണൽ ആൻറ് അഡ്മിനിസ്ട്രേറ്റീവ് ലോ, ക്രമിനൽ ലോ ആൻറ് ഇൻറലക്ച്വൽ പ്രോപർട്ടി റൈറ്റ്സ് - ഫാക്കൽറ്റി ഓഫ് ലോ, 2022-2024 ബാച്ച് റഗുലർ, 2021-2023 ബാച്ച് ഇംപ്രൂവ്മെൻറ് - ക്രെഡിറ്റ് ആൻറ് സെമസ്റ്റർ സിസ്റ്റം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/977/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**